 റ്റി എ (2)5257/20

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ,കാര്യാലയം, തിരുവനന്തപുരം.
തീയതി. 28.02.2020

**സർക്കുലർ**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - കാർഷിക സൗജന്യ വൈദ്യുതി പദ്ധതി - മാനദണ്ഡങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. സ. ഉ.(എം . എസ്. ) നമ്പർ 311/95/എ.ഡി. തീയതി 31.08.1995
2. സ. ഉ.(എം . എസ്. ) നമ്പർ 73/97/എ.ഡി . തീയതി 01.03.1997
3. സ. ഉ.(എം . എസ്. ) നമ്പർ 235/98/എ.ഡി. തീയതി 31.10.1998
4. സ. ഉ. (ആർ. റ്റി .) നമ്പർ 945/15/എ.ഡി. തീയതി 25.05.2015
5. സ. ഉ. (ആർ. റ്റി .) നമ്പർ 30/99/കൃഷി തീയതി 04.02.1999

സൂചന 1 പ്രകാരം 1995-96 സാമ്പത്തിക വർഷം മുതൽ നെൽകൃഷിക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് കർഷകർക്ക് സൗജന്യം അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു. സൂചന 2 ലെ ഉത്തരവ് പ്രകാരം ഈ സൗജന്യം മറ്റ് വിളകൾക്ക് കൂടി നൽകാൻ ഉത്തരവാകുകയും സൂചന 3 പ്രകാരം ഈ സൗജന്യം 2ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾക്കും 01 .04 .1997മുതൽ മുൻകാലപ്രാബല്യത്തോടെ നൽകുകയും ചെയ്തിരുന്നു. സൂചന 4- ലെ ഉത്തരവ് പ്രകാരം 1 സെന്റ് മുതൽ 10 സെന്റ് വരെയുള്ള പോളി ഹൗസുകൾക്കും ഈ ആനുകൂല്യം ഉണ്ട്.

പദ്ധതി പ്രകാരം താഴെ പറയുന്ന കർഷകർ ആനുകൂല്യത്തിന് അർഹരാണ്.

a. 30 സെന്റിൽ കുറയാതെ കൈവശഭൂമിയുള്ളവരും അതിൽ 75% - ൽ കുറയാതെ കൃഷിചെയ്തിട്ടുള്ളതുമായ വ്യക്തികൾ.
b. 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ
c. 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ

നെൽകൃഷിക്ക് ഭൂവിസ്തൃതിയുടെ പരിധിയില്ലാതെയാണ് ആനുകൂല്യം നൽകി വരുന്നത്.

സൂചന 5 ലെ ഉത്തരവ് പ്രകാരം സൗജന്യ വൈദ്യുതിക്ക് അർഹരായ കർഷകരുടെ പേര് വിവരം അടങ്ങിയ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് അതാത് വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ മൂന്നു മാസത്തിലൊരിക്കൽ കൃഷി ഓഫീസർ തയ്യാറാക്കി നൽകുകയും വൈദ്യുതി സെക്ഷൻ ഓഫീസിൽ നിന്നും ഓരോ കർഷകർക്കും വേണ്ടി വരുന്ന തുക രേഖപ്പെടുത്തി ഒരു സ്റ്റേറ്റ്മെന്റും മൊത്തം തുകയ്ക്കുള്ള 2 ഇൻവോയ്സും കൃഷിഭവനിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യണം. 10 ദിവസത്തിനകം കൃഷി ഭവനിൽ നിന്നും തുക വൈദ്യുതി സെക്ഷൻ ഓഫീസിൽ നൽകണമെന്നും എന്തെങ്കിലും സാങ്കേതിക കാരണത്താൽ തുക അടയ്ക്കുന്നതിൽ കാലതാമസം വരികയാണെങ്കിൽ പിഴ ഈടാക്കുന്നതല്ല എന്നും സൂചന 5 ലെ ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു.

വൈദ്യുതി സൗജന്യത്തിനുള്ള അപേക്ഷ കൃഷിഭവനിൽ സ്വീകരിക്കുന്നതിനു കാലാവധി ഇല്ല.

കൃഷിക്കുള്ള വൈദ്യുതി സൗജന്യം ദുരുപയോഗപ്പെടുത്തുന്നത് പരിശോധിച്ച് കൃഷിഭവനും കെ എസ് ഇ ബിയും നടപടി എടുക്കുന്നുണ്ട്. ഈ അവസരത്തിൽ മേൽപ്പറഞ്ഞ സ്ഥല പരിധിക്കു പുറമെ ചുവടെ പറയുന്ന ദുർവിനിയോഗം കൂടി പരിഗണിക്കേണ്ടതാണ്. കർഷകൻ വീട്ടിലേക്കുള്ള ഓവർ ഹെഡ് ടാങ്കിലും കൂടി ഒരേ പമ്പുപയോഗിച്ച് വെള്ളം പമ്പ് ചെയ്യുന്നത്, സ്ഥാപനങ്ങൾക്ക് വൈദ്യുതി സൗജന്യം നൽകുന്നത്, ഒരു സർവ്വേയും ജലസ്രോതസ്സും കാണിച്ച് ലഭിക്കുന്ന സൗജന്യ വൈദ്യുതി ഉപയോഗപ്പെടുത്തി മറ്റ് പുരയിടങ്ങളിലെ കൃഷിക്ക് ജലസേചനം നടത്തുന്നത്, ഭൂവിസ്തൃതി വ്യവസ്ഥയനുസരിച്ച് ഉണ്ടെങ്കിലും കൃഷി ഇല്ലാത്തത്, കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് എന്നിവയെല്ലാം സൗജന്യ വൈദ്യുതിയുടെ ദുരുപയോഗമായി കണക്കാക്കി നടപടി സ്വീകരിക്കാവുന്നതാണ്.

എന്നാൽ, പാലക്കാട് ജില്ലയിലെ ചിറ്റൂർ മേഖലയിൽ ഒരേ സർവ്വേ നമ്പറിൽ ഒന്നിൽ കൂടുതൽ പമ്പുസെറ്റുകൾ ഉപയോഗിക്കുന്നതു പോലുള്ള പ്രശ്നങ്ങൾ മാനുഷിക പ്രാദേശിക സാഹചര്യങ്ങൾക്ക് അനുസൃതമായി ജില്ലാ തല ഉദ്യോഗസ്ഥരുടെ ശുപാർശയോടെ അതാത് സ്ഥലത്ത് പരിഹരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

മാത്രമല്ല, പമ്പുസെറ്റിന്റെ കപ്പാസിറ്റി വൈദ്യുതി സൗജന്യം അനുവദിക്കുന്നതിനു മാനദണ്ഡമല്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്

**കാർഷിക വികസന കർഷക ക്ഷേമ**
**വകുപ്പ് ഡയറക്ടർക്കു വേണ്ടി**

To
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

Vikas Bhavan, Thiruvananthapuram-33